# ഭാഗം 2 മലയാള ഭാഷാവ്യാകണത്തിൻെറ അടിസ്ഥാന ഘടകങ്ങൾ

ഉള്ളടക്കം

2.0 ഉദ്ദേശ്യലക്ഷ്യങ്ങൾ
2.1 ആമുഖം
2.2 പ്രകൃതി
2.3പ്രത്യയം
2.4 പദം
2.5 ഇടനില
2.6 പുരോഗതി പരിശോധിക്കുക. 1
2.7 പദവിഭാഗങ്ങൾ
2.7.1 വാചകം
2.7.2 ദ്യോതകം
2.7.3 വാചകഭേദം
2.7.4 ദ്യോതകഭേദം
2.8 കൃതി
പുരോഗതി പരിശോധിക്കുക-2
2.9 നാമവിശേഷണങ്ങളും ക്രിയാവിശേഷണങ്ങളും
പുരോഗതി പരിശോധിക്കുക-3
2.10 പാഠസംഗ്രഹം
2.11 പുരോഗതി പരിശോധിക്കുക - ഉത്തരം

## 2.0 ഉദ്ദേശ്യ ലക്ഷ്യങ്ങൾ

ശബ്ദസ്വരൂപമാണ് ഭാഷ. ആശയ വിനിമയം നടക്കുന്നത് അത് നമ്മിൽ അർത്ഥ ബോധം ഉളവാക്കുമ്പോഴാണ്. വർണ്ണങ്ങളാണ് ഭാഷയുടെ അടിസ്ഥാനഘടകങ്ങൾ എന്ന് നാം പഠിച്ചിട്ടുണ്ട്. എന്നാൽ ഒററയ്ക്കു നില്ക്കുമ്പോൾ അർത്ഥം കൈമാറാനുള്ള കഴിവ് അവയ്ക്കില്ല. വർണ്ണങ്ങളെ പ്രത്യേക രീതിയിൽ ക്രമീകരിച്ചാണ് പദങ്ങൾ ഉണ്ടാക്കുന്നത്. ഈ ക്രമീകരണം പ്രത്യയങ്ങൾ കൊണ്ടാണ് സാധിക്കുന്നത്. വാക്യത്തിലെ വാക്കുകളെ തമ്മിൽ ബന്ധിപ്പിക്കുകയാണ് പ്രത്യയത്തിൻെറ ധർമ്മം. എന്നാൽ സ്വന്തമായി ഒരർത്ഥം പ്രത്യയങ്ങൾക്കില്ല. വാക്കുകളുടെ അർത്ഥത്തെ രൂപപ്പെടുത്തുക മാത്രമാണ് പ്രത്യയം ചെയ്യുന്നത്. വാക്കുകൾ പലതരത്തിലുണ്ടാകും. ഒന്നുകിൽ അത് ഒരു വസ്തുവിൻെറ പേരാകാം. അല്ലെങ്കിൽ ഒരു ഗുണത്തെ സൂചിപ്പിക്കാം. ഈ പ്രത്യേകതകളെ അടിസ്ഥാനമാക്കി വാക്യത്തിൽ ഉപയോഗിക്കുന്ന പദങ്ങളെ നാമം, കൃതി, ഭേദകം എന്നു മൂന്നായി

തിരിക്കാം. ഇവ ഓരോന്നിനോടും പ്രത്യേകം പ്രത്യേകം പ്രത്യയങ്ങളാണ് ചേർക്കുന്നത്. ഓരോ വിഭാഗത്തിൽപ്പെട്ട പദങ്ങളിലും നിരവധി ഉപവിഭാഗങ്ങളും ഉണ്ട്. ഓരോ വിഭാഗവും ഏതെന്നും അവയോടു ചേരുന്ന പ്രത്യയങ്ങൾ ഏതൊക്കെ എന്നും മനസിലാക്കുക ഭാഷാപഠനത്തിലെ ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. മലയാളത്തിലെ പദങ്ങളുടെ വിഭാഗങ്ങളെയും ഉപവിഭാഗങ്ങളെയും കുറിച്ചു വിശദീകരിക്കുക എന്ന ഉദ്ദേശ്യമാണ് ഈ പാഠഭാഗത്തിനുള്ളത്. പദങ്ങളെയും അവയുടെ വ്യത്യസ്ത വിഭാഗങ്ങളെയും കുറിച്ചുള്ള ശരിയായ പഠനത്തിലൂടെ ഭാഷയുടെ ഉള്ളിലേക്കിറങ്ങിച്ചെല്ലാനും അവയോരോന്നും അപഗ്രഥിച്ചു വിലയിരുത്താനും വിദ്യാർത്ഥികളെ പ്രാപ്തരാക്കുക എന്നതാണ് ഇവിടെ ലക്ഷ്യം. താഴെ പറയുന്ന വിഷയങ്ങൾ ഇതിന് ആധാരമാകുന്നു.

(1) പ്രകൃതി
(2) പ്രത്യയം
(3)പദം
(4) ഇടനില
(5) പദങ്ങളുടെ വിഭാഗങ്ങൾ
(6) വാചകം
(7)ദ്യോതകം
(8) കൃതി
(9) നാമവിശേഷണങ്ങളും ക്രിയാവിശേഷണങ്ങളും.

## 2.1 ആമുഖം

ആശയവിനിമയത്തിനു നാം ഭാഷ ഉപയോഗിക്കുന്നു. കുറെ വാക്കുകൾ തമ്മിൽ ചേർന്ന് അർത്ഥം ജനിപ്പിക്കുന്നു എന്നു നാം അനുഭവത്തിൽ നിന്നും അറിയുന്നു. പക്ഷേ ഉപയോഗിക്കുന്ന വാക്കുകൾ ഏതേത് വിഭാഗത്തിൽപ്പെടുന്നു എന്നോ ഓരോന്നിനോടും ചേർക്കുന്ന പ്രത്യയങ്ങൾ ഏതൊക്കെയെന്നോ സാധാരണയായി ആരും ആലോചിക്കാറില്ല. പക്ഷെ, ഭാഷ നന്നായി കൈകാര്യം ചെയ്യാൻ ഇവയെക്കുറിച്ചൊക്കെ വേർതിരിച്ച് മനസ്സിലാക്കേണ്ടതുണ്ട്. ഭാഷാപഠനം എന്നു പറഞ്ഞാൽ തന്നെ പദങ്ങളെയും പ്രത്യയങ്ങളെയും കുറിച്ചുള്ള പഠനം എന്നാണർത്ഥം. അർത്ഥയുക്തമായ ഏറ്റവും ചെറിയ ശബ്ദരൂപമായ പ്രകൃതി, പ്രകൃതികളെ തമ്മിൽ വിളക്കാനുപയോഗിക്കുന്ന പ്രത്യയം, പ്രകൃതിയും പ്രത്യയവും ചേർന്നുണ്ടാകുന്ന 'പദം' ഇവയെക്കുറിച്ച് നമുക്ക് മനസ്സിലാക്കാൻ ശ്രമിക്കാം.

## 2.2 പ്രകൃതി

അർത്ഥയുക്തമായ, വർണ്ണങ്ങളുടെ ഏറ്റവും ചെറിയ കൂട്ടത്തെ പ്രകൃതി എന്നു പറയുന്നു.വർണ്ണങ്ങൾ ഒരു പ്രത്യേക രീതിയിൽ ചേർത്താണ് പ്രകൃതി ഉണ്ടാക്കുന്നത്. ഭിന്നമായ സ്വഭാവങ്ങളും ഉച്ചാരണമൂല്യങ്ങളും ഉള്ള വർണ്ണങ്ങൾ ഒന്നിച്ചു ചേരുമ്പോൾ ഒരർത്ഥം എങ്ങനെ ജനിക്കുന്നു എന്നു വിശദീകരിക്കുവാൻ പ്രയാസമാണ്.ഒരു വർണ്ണത്തിൽ ഏതെങ്കിലും ഒരു അർത്ഥത്തിന്റെ കണിക പോലും കണ്ടെത്താനാവില്ല. അർത്ഥവ്യത്യാസം ഉണ്ടാക്കാൻ കഴിയുന്നു എന്നതാണ് വർണ്ണത്തിന്റെ പ്രത്യേകത. തല, മല എന്നീ പദങ്ങൾക്കു തമ്മിൽ അർത്ഥ വ്യത്യാസമുണ്ട്. എന്താണ് അതിനു കാരണം? ത് എന്നും മ് എന്നും ഉള്ള രണ്ടു വർണ്ണങ്ങൾ ഒഴികെ മറ്റെല്ലാം തുല്യമാണ്. അർത്ഥം വ്യത്യാസപ്പെടുന്നതിനു കാരണം 'ത്' യും 'മ്'യും ആണെന്ന് കാണാം. പ്രകൃതിയിൽ നിന്ന് ഒരു വർണ്ണം നഷ്ടപ്പെട്ടാൽ അർത്ഥം മുഴുവൻ ഇല്ലാതാകും. മല, ആന തുടങ്ങിയവ പ്രകൃതിയാണ്. ഇവ ഓരോ അർത്ഥം ജനിപ്പിക്കുന്നു. ഇവയിൽ നിന്ന് ഏതെങ്കിലും ഒരു വർണ്ണം നഷ്ടപ്പെട്ടാൽ അവക്ക് അർത്ഥം ജനിപ്പിക്കുവാൻ കഴിയാതെ വരും. അങ്ങനെ പ്രകൃതി അല്ലാതായിപ്പോകും. ഒരർത്ഥം ജനിപ്പിക്കുവാൻ കഴിയുന്നു എന്നതാണ് പ്രകൃതിയുടെ ഒന്നാമത്തെ ഗുണം. അർത്ഥം ഉണ്ടാക്കാൻ വേണ്ടതിൽക്കവിഞ്ഞ ഒരുവർണ്ണംപോലുമുണ്ടാവില്ല എന്നതാണ് അടുത്ത ഗുണം. ഈ ഗുണങ്ങൾ തികഞ്ഞ ഏറ്റവും ചെറിയ അക്ഷരക്കൂട്ടമാണ് പ്രകൃതി.

## 2.3 പ്രത്യയം

പ്രകൃതികളെ ഒന്നിനുമേൽ ഒന്നായി അടുക്കി വച്ചാൽ ആശയം പൂർണ്ണമായി ലഭിക്കുകയില്ല. പ്രകൃതികളുടെ ക്രമം ഒരിക്കലും അവയുടെ പരസ്പര ബന്ധത്തെ സൂചിപ്പിക്കുകയില്ല. 'രാമൻ, കൃഷ്ണൻ, ഗോവിന്ദൻ, കണ്ടു 'എന്ന് നാലു പദങ്ങൾ

ഇങ്ങനെ വരുമ്പോൾ എന്താണർത്ഥമാക്കുന്നത് എന്നു സംശയം ഉണ്ടാകും. 'കണ്ടു' എന്ന ക്രിയ ആരു ചെയ്തു? ആരെയാണ് കണ്ടത്? എന്നൊക്കെയുള്ള സംശയം അവശേഷിക്കും. ഭാഷാ പ്രയോഗത്തിൽ സംശയം ഉണ്ടാകാൻ പാടില്ല.അപ്പോൾ നാം പദങ്ങളുടെ ബന്ധം സൂചിപ്പിക്കാൻ പ്രത്യയങ്ങൾ ചേർക്കുന്നു. 'രാമനെ കൃഷ്ണനും ഗോവിന്ദനും കണ്ടു' എന്നു ആകുമ്പോൾ രാമൻ കർമ്മവും കൃഷ്ണനും ഗോവിന്ദനും കണ്ടു എന്ന ക്രിയയുടെ കർത്താക്കൻമാരും ആകും. രാമൻ കൃഷ്ണനെയും ഗോവിന്ദനെയും കണ്ടു എന്നായാൽ അർത്ഥം മാറി. പ്രത്യയം മാറിയാൽ അർത്ഥം മാറും എന്ന് ഇത് വ്യക്തമാക്കുന്നു. ഇതിൽ നിന്നും വിവക്ഷിതം പൂർണ്ണമായി ധരിപ്പിക്കാൻ പ്രകൃതിയോടു ചേർക്കുന്ന വർണ്ണങ്ങളാണ്പ്രത്യയങ്ങൾ എന്നു വ്യക്തമാകുന്നു. പ്രത്യയങ്ങൾക്ക് പ്രകൃതിയോട് ചേർന്നുകൊണ്ടല്ലാതെ പ്രയോഗമില്ല. ഒററയ്ക്കു നിൽക്കുമ്പോൾ ഏതെങ്കിലും ഒരർത്ഥം ജനിപ്പിക്കാൻ അതിനു കഴിവില്ല. പ്രകൃതിയ്ക്കും പ്രത്യയത്തിന്റെ സഹായത്തോടുകൂടിയല്ലാതെ അർത്ഥം വ്യക്തമാക്കാൻ കഴിയില്ല. പ്രകൃതികളെ തമ്മിൽ ബന്ധപ്പെടുത്തുകയോ അവയുടെ അർത്ഥത്തെ വിശേഷിപ്പിക്കുകയോ ചെയ്യുന്ന വർണ്ണമോ വർണ്ണങ്ങളോ ആണ് പ്രത്യയം.

തറയിൽ കിടന്നു.

ഈ ഉദാഹരണത്തിൽ 'തറ' പ്രകൃതിയാണ്. അതിനോട് 'ഇൽ' എന്ന പ്രത്യയം ചേർത്തിരിക്കുന്നു. കിടക്കുക എന്നതിന്റെ ആധാരം 'തറ' യാണ് എന്ന് ഇത് നമ്മെ ധരിപ്പിക്കുന്നു. 'ഇൽ' പ്രകൃതിയോട് ചേരുമ്പോഴല്ലാതെ ഒററയ്ക്കു നിന്നാൽ യാതൊരർത്ഥവും ഉണ്ടാക്കുകയില്ല. അതുകൊണ്ട് 'ഇൽ' പ്രത്യയമാണ്.

## 2.4 പദം

അർത്ഥത്തോടുകൂടിയതാണെങ്കിലും ഏററവും ചെറിയ ഘടകമായതുകൊണ്ട് പലപ്പോഴും പ്രകൃതികൾ ഉപയോഗിക്കാനാവുകയില്ല. പ്രത്യയങ്ങൾക്കാകട്ടെ ഒററയ്ക്കു നിൽക്കാനും കഴിയുകയില്ല. ഒററയ്ക്കു പ്രയോഗിക്കാൻ കഴിയാത്ത പ്രകൃതികളെ പ്രത്യയങ്ങൾ ചേർത്തു പ്രയോഗാർഹമാക്കാം. പ്രകൃതി ഒററയ്ക്കോ പ്രത്യയം ചേർന്നോ പ്രയോഗിക്കാൻ തക്കതാവുമ്പോൾ അതിനെ പദം എന്നു വിളിക്കും. 'ആന'എന്നത് ഒരു പ്രകൃതിയാണ്. ഇതിൽനിന്ന് ഒരു വർണ്ണം നഷ്ടപ്പെട്ടാൽ അർത്ഥം പോകും. ഏററവും ചെറിയ വർണ്ണഘടകം ആണ് അ. അത് ഒററയ്ക്കു നില്ക്കുമ്പോൾ തന്നെ പ്രയോഗിക്കാൻ കഴിയുന്ന ശബ്ദമാണ്. അതുകൊണ്ട് അത് പദമാണ്. 'തൊട്'എന്ന പ്രകൃതി ഒററയ്ക്കു പ്രയോഗിക്കാൻ വിഷമമാണ്. പ്രയോഗിക്കാൻ അതിനോടു പ്രത്യയം ചേർക്കേണ്ടതുണ്ട്. കാലപ്രത്യയങ്ങളായ 'ഉന്നു','ഉം'ഇവയൊക്കെ ചേർത്തേ നമുക്കു പ്രയോഗിക്കാൻ കഴിയൂ. 'തൊടുന്നു' എന്നോ 'തൊടും' എന്നോ രൂപം വരും. ഇവിടെ 'തൊട്' പ്രകൃതി 'ഉന്നു' പ്രത്യയം 'തൊടുന്നു' പദം. ഇതാണ് ഇവയ്ക്കു തമ്മിലുള്ള വ്യത്യാസം.

പദങ്ങൾ മൂന്നു രീതിയിൽ ഉണ്ടാകും.

| | | |
|---|---|---|
| പ്രകൃതി ഒററയ്ക്കു | : | ആന |
| പ്രകൃതി + പ്രത്യയം | : | കടുപ്പം |
| പ്രകൃതി + ഇടനില + പ്രത്യയം | : | കുഞ്ഞിനെ |

**ഒററപ്രകൃതി മാത്രമുള്ളത്**

ഒററപ്രകൃതി മാത്രമുള്ള പദത്തിൽ അർത്ഥപൂർണ്ണമായ ഒരു അക്ഷരക്കൂട്ടം മാത്രമേ ഉണ്ടാകൂ. പ്രകൃതി ഒററയ്ക്കും പ്രകൃതിയും പ്രത്യയവും ചേർന്നും ഈ പദം ഉണ്ടാകും.

| | | | |
|---|---|---|---|
| ഉദാ: | 'ആന' | : | ഇതിൽ പ്രകൃതി മാത്രമേയുള്ളു. |
| | 'മലകൾ' | : | ഇവിടെ 'മല' എന്ന ഒരു പ്രകൃതി മാത്രമേ ഉള്ളു. എങ്കിലും 'കൾ'എന്ന ബഹുവചനപ്രത്യയം ചേർത്തിരിക്കുന്നു. രണ്ടിലും ഒരു പ്രകൃതി മാത്രമേ ഉള്ളു എന്ന പ്രത്യേകത ഉണ്ട്. |

**ഒന്നിലധികം പ്രകൃതിയുള്ളത്**

ഈ വിഭാഗത്തിൽപ്പെട്ട പദങ്ങളിൽ ഒന്നിലധികം പ്രകൃതികൾ ചേർന്നിരിക്കും. ഉദാ: പൊൻമാൻ. 'പൊൻ'എന്നും ' മാൻ' എന്നും ഉള്ള രണ്ടു പ്രകൃതികൾ ചേർന്ന് ഒററപ്പദമായി മാറിയിരിക്കുന്നു. 'വരിനെൽ' ഇവയൊക്കെ ഉദാഹരണങ്ങൾ. ഘടകപ്രകൃതികളുടെ അർത്ഥം അപ്രധാനമാകുകയും രണ്ടും കൂടി ചേർന്നു പുതിയൊരർത്ഥം ജനിപ്പിക്കാൻ പാകത്തിൽ ഒററപ്പദമാവുകയും ചെയ്തിരിക്കുന്നു.

## 2.5 ഇടനില

പ്രകൃതി ഒററയ്ക്കോ പ്രത്യയത്തോടു ചേർന്നോ പദങ്ങളായിട്ടാണ് വാക്യത്തിൽ നിൽക്കുന്നത്. വാക്യത്തിലെ മററു പദങ്ങളുമായി അവയെ യോജിപ്പിക്കുന്നത് പ്രത്യയങ്ങൾ ആണ്.

പദത്തോട് പ്രത്യയം ചേരുമ്പോൾ അവ തമ്മിൽ ചിലപ്പോൾ തടസ്സം ഒന്നുമില്ലാതെ ചേർന്നിരിക്കും.

അവൾ +ഓട്-അവളോട്. ഇവിടെ പ്രത്യയം ചേരുമ്പോൾ ഒരു വ്യത്യാസവും ഉണ്ടാകുന്നില്ല.

കുഞ്ഞ് + ഇൻ + ഓട് -കുഞ്ഞിനോട്

ഇവിടെ കുഞ്ഞ് എന്ന പദത്തോട് ഓട് എന്ന പ്രത്യയം ചേർക്കുമ്പോൾ 'ഇൻ' എന്ന് രണ്ടു വർണ്ണങ്ങൾ അവയ്ക്ക്-ഇടയിൽ വരുന്നു- ഇവ പ്രകൃതിയേയും

പ്രത്യയത്തേയും യോജിപ്പിക്കാൻ വേണ്ടി മാത്രമാണ് ചേർക്കുന്നത്- ഇതിൻെറ പ്രയോഗം അർത്ഥത്തെ യാതൊരു വിധത്തിലും ഭേദപ്പെടുത്തുന്നില്ല- പദത്തിൻെറ അർത്ഥവുമായി ഇതിനു യാതൊരു ബന്ധവുമില്ല- പ്രകൃതിയേയും പ്രത്യയത്തേയും യോജിപ്പിക്കാൻവേണ്ടി ചേർക്കുന്ന ഒന്നോ അതിലധികമോ വർണ്ണങ്ങളെ ഇടനില എന്നു പറയുന്നു-

## 2.6 പുരോഗതി സ്വയം പരിശോധിക്കുക- 1

അ: പാഠഭാഗം ശ്രദ്ധിച്ചു വായിക്കുക- അതിനുശേഷം താഴെകൊടുക്കുന്ന പ്രസ്താവങ്ങളിൽ ഏതൊക്കെ ശരി ഏതൊക്കെ തെററ് എന്ന് കണ്ടെത്തുക.

1. വർണ്ണങ്ങളുടെ ഒരു കൂട്ടമായ പ്രകൃതിയ്ക്ക് പ്രത്യയവുമായി ചേരുമ്പോൾ മാത്രമേ ഒരു അർത്ഥം ജനിപ്പിക്കാൻ കഴിയൂ.
2. പ്രകൃതിയിൽ നിന്നും ഒരു വർണ്ണം നഷ്ടപ്പെട്ടാൽ അർത്ഥം നഷ്ടപ്പെടും.
3. പദങ്ങളെ തമ്മിൽ ബന്ധിപ്പിക്കുകയാണ് പ്രത്യയം ചെയ്യുന്നത്.
4. വിവക്ഷിതം പൂർണ്ണമായി ധരിപ്പിക്കുന്നതിൽ പ്രത്യയങ്ങൾക്ക് കാര്യമായ പങ്കൊന്നുമില്ല.
5. ഒററയ്ക്കു നില്ക്കുമ്പോഴും ഒരർത്ഥം ജനിപ്പിക്കാൻ പ്രത്യയത്തിന് കഴിയും.
6. പ്രകൃതി ഒററയ്ക്കോ പ്രത്യയം ചേർത്തോ പ്രയോഗിക്കാൻ തക്കതാവുമ്പോൾ പദമാകുന്നു.
7. ഭാഷയിൽ പ്രത്യയത്തിനു പകരം നില്ക്കുന്ന ഒന്നാണ് ഇടനില.

ആ: താഴെക്കൊടുത്തിട്ടുള്ളവയിൽ വിട്ടുപോയ ഭാഗം പൂരിപ്പിക്കുക:

1. പ്രകൃതിയിൽ നിന്നും ............... നഷ്ടപ്പെട്ടാൽ അർത്ഥം നഷ്ടപ്പെടും.
2. ഒററയ്ക്കു നില്ക്കുമ്പോൾ ഒർത്ഥം ജനിപ്പിക്കാൻ ............... നു കഴിയുകയില്ല.
3. പ്രകൃതിയും ............... ഉം ചേർത്ത് പദങ്ങൾ ഉണ്ടാക്കും.
4. ............... പ്രകൃതികളേയും പ്രത്യയങ്ങളേയും തമ്മിൽ യോജിപ്പിക്കുന്നു.
5. ഒരു ആശയം പൂർണ്ണമായി ധരിപ്പിക്കുന്‍ കഴിവുള്ള പദസമൂഹമാണ് ...............-

ഇ: താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

1. പ്രകൃതി എന്നാൽ എന്ത്? അതിൻെറ പ്രത്യേകതകൾ ഏവ?
2. പദത്തിനും പ്രകൃതിക്കും തമ്മിൽ എന്തെങ്കിലും വ്യത്യാസമുണ്ടോ? ഉണ്ടെങ്കിൽ എന്ത്?
3. ഇടനില എന്നാലെന്ത്? പദം രൂപപ്പെടുത്തുന്നതിൽ അതിനുള്ള സ്ഥാനമെന്ത്?
4. ഒന്നിലേറെ പ്രകൃതികൾ ഉള്ള മൂന്നു പദങ്ങൾ എഴുതുക.

## 2.7 പദവിഭാഗങ്ങൾ

മലയാളത്തിലെ പദങ്ങളെ 'വാചക' മെന്നും 'ദ്യോതക'മെന്നും രണ്ടായി തിരിച്ചിരിക്കുന്നു. ഇവയിൽ ഓരോന്നിനും നിരവധി ഉപവിഭാഗങ്ങളുണ്ട്. 'വാചക'ശബ്ദത്തിന്റെ ഒരു വിഭാഗമാണ് നാമം. ഇത് ഏതെങ്കിലും വസ്തുവിന്റെയോ ജന്തുവിന്റെയോ പേരായ ശബ്ദമാണ്. നാമങ്ങളിൽ തന്നെ നിരവധി ഉപവിഭാഗങ്ങളുണ്ട്. പ്രപഞ്ചവസ്തുക്കളെ മുഴുവൻ വ്യവഹരിക്കേണ്ടി വരുമ്പോൾ അതിന്റെ പ്രത്യേകതകൾക്കനുസരിച്ച് പദങ്ങളിലും വ്യത്യാസം കാണിക്കേണ്ടതുണ്ട്. അർത്ഥത്തെ മാനദണ്ഡമാക്കിക്കൊണ്ടാണ് നാം പദങ്ങളെ വിഭജിച്ചിട്ടുള്ളത്. രൂപം നോക്കി പദങ്ങളെ വിഭജിക്കുന്ന രീതിയേക്കാൾ യുക്തിസഹമാണ്ഇത്. പ്രത്യയങ്ങൾ സ്വീകരിക്കുന്ന കാര്യത്തിൽ ഓരോ വിഭാഗത്തിലുംപെട്ട പദങ്ങൾ വ്യത്യസ്ത സ്വഭാവം പ്രദർശിപ്പിക്കുന്നു. നാമത്തേയും അതിന്റെ ഉപവിഭാഗങ്ങളേയും കുറിച്ച് നമുക്ക് ചിന്തിക്കാം.

നാം സാധാരണയായി നിരവധികാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യാറുണ്ട്. അപ്പോൾ ലോകത്തിലെ പല തരത്തിലുള്ള വസ്തുക്കളും സംഭവങ്ങളും പരാമർശ വിഷയമായിത്തീരുന്നു. ആയതിനാൽ അതിവിപുലമായ ഒരു ശബ്ദസമൂഹം നമുക്ക് ഉപയോഗിക്കേണ്ടി വരുന്നു. പ്രകൃതിയും പ്രത്യയവും ചേർത്ത പദങ്ങളുടെ സമൂഹത്തെ അപഗ്രഥിച്ചു പഠിക്കുവാൻ അതിനെ പ്രത്യേകം പ്രത്യേകം തിരിച്ച് മനസ്സിലാക്കേണ്ടതുണ്ട്. ആശയങ്ങൾ കൈമാറാൻ പാകത്തിൽ അർത്ഥം ജനിപ്പിക്കുകയാണ് പദങ്ങളുടെ ജോലി. അതുകൊണ്ട് അർത്ഥത്തെ പദവിഭജനത്തിനുള്ള മാനദണ്ഡമായി സ്വീകരിക്കുന്നത് യുക്തം തന്നെയാണ്. മലയാളഭാഷ അർത്ഥത്തെ അടിസ്ഥാനപ്പെടുത്തിയാണ് പദങ്ങളെ തിരിച്ചിട്ടുള്ളത്.

പദങ്ങളെ പൊതുവെ 'വാചകം'എന്നും 'ദ്യോതകം'എന്നും രണ്ടായി തിരിച്ചിരിക്കുന്നു.

### 2.7.1 വാചകം

സ്വന്തമായി ഒരർത്ഥം ഉള്ള പദങ്ങളെ 'വാചകം' എന്നു പറയുന്നു. വചിക്കുന്നത് അല്ലെങ്കിൽ പറയുന്നത് വാചകം എന്നാണ് അർത്ഥം. തല, മല എന്നിവയ്ക്ക് ഓരോ അർത്ഥം ജനിപ്പിക്കാൻ കഴിവുണ്ട്. പറഞ്ഞു കേൾക്കുമ്പോൾത്തന്നെ അവ നമ്മിൽ അർത്ഥബോധം ജനിപ്പിക്കുന്നു. അതുകൊണ്ട് ഇത്തരം പദങ്ങൾ വാചകം എന്ന വിഭാഗത്തിൽപ്പെടുന്നു.

### 2.7.2 ദ്യോതകം

അർത്ഥപൂർണ്ണമായ ശബ്ദങ്ങളുടെ കൂട്ടമായ പ്രകൃതി എന്ന വിഭാഗത്തിലാണ് ദ്യോതകവും ഉൾപ്പെടുന്നത്. എങ്കിലും അവയ്ക്ക് ഒററയ്ക്കു നില്ക്കുമ്പോൾ കൃത്യമായ ഒരർത്ഥം ഉണ്ടെന്നു പറയാൻ കഴിയുകയില്ല. ദ്യോതിപ്പിക്കുക എന്നാണ് പദത്തിനർത്ഥം. വാചക ശബ്ദങ്ങളോടു ചേർന്നു നിന്നുകൊണ്ട് അർത്ഥവിശേഷം തോന്നിപ്പിക്കുകയാണ് ഇതിന്റെ ധർമ്മം. സ്വന്തമായി ഒരർത്ഥമുള്ള പ്രകൃതി തന്നെയാണ് ദ്യോതകം എന്നതാണ് പ്രത്യയങ്ങളേക്കാൾ ഇതിന് അവകാശപ്പെടാവുന്ന മേൻമ. 'എൻ'എന്ന പ്രകൃതിയിൽ നിന്നുണ്ടാകുന്ന 'എന്ന' പദം പ്രത്യേകമായ ഒരർത്ഥം ജനിപ്പിക്കുന്നതിനേക്കാൾ രണ്ടു നാമങ്ങളെ തമ്മിൽ ബന്ധിപ്പിക്കാനാണ് സമർത്ഥമായിട്ടുള്ളത്. 'രാമൻ എന്ന രാജാവ്' എന്ന ഉദാഹരണത്തിൽ രാമനേയും രാജാവിനേയും ബന്ധിപ്പിക്കുന്നു എന്നതുകൊണ്ട് 'എന്ന'ദ്യോതകം. 'വര്' എന്ന പ്രകൃതിയിൽ നിന്നുണ്ടായ 'വരെ'എന്ന പദവും ദ്യോതകമാണ്. കാലത്തിന്റെയോ ദേശത്തിന്റെയോ പരിധി നിർണ്ണയിക്കുകയാണ് ഈ ദ്യോതകം ചെയ്യുന്നത്. 'പ്രഭാതം വരെ ഉറങ്ങി' 'ഹിമാലയം വരെ നടന്നു'. ഇവിടെ 'വരെ' എന്ന ദ്യോതകം പ്രഭാതം എന്ന സമയവും ഹിമാലയം എന്ന സ്ഥലവും അടുത്ത പദങ്ങളോടുചേരാൻ സഹായിക്കുകയും അവയുടെ അർത്ഥം വിശദമാക്കുകയും ചെയ്യുന്നു.

### 2.7.3 വാചകഭേദം

വാചക ശബ്ദങ്ങളെ മൂന്നായി തിരിക്കാം. അർത്ഥമാണ്അവിടെയും മാനദണ്ഡം.

1 നാമം—രാമൻ, വനം, വീട്, നദി

2. കൃതി—കാണുന്നു, വന്നു, വരും, പറക
3. ഭേദകം—ചെറു, വൻ, വെളുത്ത, കറുത്ത

ദ്യോതകത്തെ നിപാതം, അവ്യയം എന്ന് രണ്ടായിട്ടും ഗതി, ഘടകം, വ്യാക്ഷേപകം എന്നു മൂന്നായിട്ടും വിഭജിക്കുന്നു.







**നാമം**

ഒരു വസ്തുവിന്റെ പേരായ ശബ്ദമാണ് നാമം. ഈ പ്രപഞ്ചത്തിലെ ഏതു വസ്തുവിനെയും സൂചിപ്പിക്കുന്ന പദം നാമം തന്നെയാകും. നാമത്തെയും കൃതി തുടങ്ങിയ മററ് വിഭാഗങ്ങളെയും തമ്മിൽ വേർതിരിക്കുന്ന പ്രധാനഘടകം അർത്ഥമാണെന്നു പറഞ്ഞു. എന്നാൽ പദം ഒററയ്ക്കു നില്ക്കുമ്പോൾ ചുരുക്കം ചില സന്ദർഭങ്ങളിലെങ്കിലും ഇതു നാമമാണോ ക്രിയയാണോ എന്ന സംശയം ഉണ്ടാകാം. 'പറ' എന്ന പദം തന്നെ ഉദാഹരണമായിട്ടെടുക്കാം. ഇത് ഒരളവുപാത്രം, ഒരളവ് എന്ന അർത്ഥത്തിൽ നാമം ആകുന്നു. 'പറയിൽ നിറയെ നെല്ലെടുത്തു' 'നൂറുപറനെല്ല്'. ഇവയിൽ ആദ്യത്തേത് അളവു പാത്രം എന്ന അർത്ഥത്തിലും രണ്ടാമത്തേത് അളവ് എന്ന അർത്ഥത്തിലുമാണ്. രണ്ടും നാമം തന്നെയാണ് 'പറ' ക്രിയയായും ഉപയോഗിക്കാറുണ്ട്. പറയുക എന്നർത്ഥത്തിലുള്ളതാണ് അത്. 'കഥ പറഞ്ഞു' 'നാളെ പറയാം' എന്നീ സന്ദർഭങ്ങളിലൊക്കെ 'പറ' ക്രിയയായിട്ടാണ് ഉപയോഗിച്ചിരിക്കുന്നത്. 'പറ' ഒററയ്ക്കു നില്ക്കുമ്പോൾ നാമമാണോ ക്രിയയാണോ എന്നു സംശയം ഉണ്ടായാലും പ്രത്യയത്തോടു ചേർന്ന് വാക്യത്തിൽ പ്രയോഗിക്കുമ്പോൾ നമുക്ക് ആ സംശയം ഉണ്ടാകുന്നില്ല. കാരണം നാമപദങ്ങളോടു ചേരുന്ന പ്രത്യയങ്ങൾക്കും ക്രിയാപദങ്ങളോടു ചേരുന്ന പ്രത്യയങ്ങൾക്കും തമ്മിൽ വ്യത്യാസമുണ്ട്. അതുകൊണ്ട് പ്രത്യയങ്ങൾ സ്വീകരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ നാമത്തേയും ക്രിയയേയും നിർവചിക്കുകയാവും കൂടുതൽ എളുപ്പം. ലിംഗം, വിഭക്തി വചനം എന്നീ പ്രത്യയങ്ങളാണ് നാമങ്ങളോടുചേരുക. ക്രിയയോടാകട്ടെ കാലം, പ്രകാരം, പ്രയോഗം എന്നിങ്ങനെയുള്ള പ്രത്യയങ്ങളാണ് ചേരുന്നത്. അതുകൊണ്ട് ലിംഗം, വിഭക്തി, വചനം എന്നീ പ്രത്യയങ്ങൾ ചേർന്നതോ ചേരാൻ യോഗ്യമായതോ ആയ പദങ്ങളാണ് നാമങ്ങൾ എന്നു നിർവ്വചിക്കാം.

രാമൻ, മല, ഒഴുക്ക്, ഇവ ഉദാഹരണങ്ങൾ.

രാമൻ എന്നത് ഒരാളിന്റെ പേരാണ്. മല ഒരു വസ്തുവിന്റെയും. 'ഒഴുക്ക്' ആകട്ടെ 'ഒഴുകുക' എന്ന ക്രിയയിൽ നിന്നുണ്ടായ നാമമാണ്. ഈ മൂന്നു പദങ്ങളോടും വിഭക്തി തുടങ്ങിയ പ്രത്യയങ്ങൾ ചേരും. അതുകൊണ്ട് നാമങ്ങൾ തന്നെ.

| | |
|---|---|
| 'രാമൻ വന്നു | : 'അൻ' എന്ന പുല്ലിംഗ പ്രത്യയം ചേർന്നു. |
| മലകൾ കടന്നു | : 'കൾ'എന്ന ബഹുവചന പ്രത്യയം ചേർന്നു. |
| ഒഴുക്കിൽ വീണു | : 'ഇൽ'എന്ന ആധാരികാ വിഭക്തി പ്രത്യയം ചേർന്നു. |

ഒഴുക്ക്, പഠിപ്പ്, ഉറക്കം എന്നിങ്ങനെ ഒഴുകുക, പഠിക്കുക, ഉറങ്ങുക തുടങ്ങിയ ക്രിയകളിൽ നിന്നുണ്ടായ നിരവധി നാമപദങ്ങളുണ്ട്. അവയെ ക്രിയാനാമങ്ങൾ എന്നാണ് പറയുന്നത്. പ്രത്യയങ്ങൾ സ്വീകരിക്കുന്ന കാര്യത്തിൽ ക്രിയാനാമങ്ങൾക്ക് വ്യത്യാസം ഒന്നുമില്ല.

ഒരു വസ്തുവിനെ കുറിക്കുന്ന നാമത്തെ ദ്രവ്യനാമം എന്നും ക്രിയയെ കുറിക്കുന്ന നാമത്തെ ക്രിയാനാമമെന്നും ഒരു ഗുണത്തെക്കുറിക്കുന്ന നാമത്തെ ഗുണനാമം എന്നും വിളിക്കുന്നു. രാമൻ, മല തുടങ്ങിയവ ദ്രവ്യനാമങ്ങളും, ഒഴുക്ക്പഠിപ്പ് തുടങ്ങിയവ ക്രിയാനാമങ്ങളും വെൺമ, ഇളപ്പം തുടങ്ങിയവ ഗുണനാമങ്ങളും ആണ്.

ദ്രവ്യനാമത്തെ സംജ്ഞാനാമം, സാമാന്യനാമം, സർവനാമം, മേയനാമം എന്നിങ്ങനെ നാലായി തിരിക്കുന്നു.

ദ്രവ്യനാമം

സംജ്ഞാനാമം    സാമാന്യനാമം    സർവനാമം    മേയനാമം

**1-1. സംജ്ഞാനാമം**

ഒരു വ്യക്തിയെ പ്രത്യേകം കുറിക്കുന്ന പദമാണ് ഇത്. രാമൻ, കൃഷ്ണൻ, തുടങ്ങിയവ.

**2. സാമാന്യനാമം**

ഒരു ജാതിയെ കുറിക്കുന്ന നാമത്തെ സാമാന്യനാമം എന്നു പറയുന്നു. അവിടെ വ്യക്തികളെ പ്രത്യേകം പ്രത്യേകം കുറിക്കുന്നില്ല.

മനുഷ്യൻ, ബ്രാഹ്മണൻ തുടങ്ങിയവ.

**3. സർവ്വനാമം**

വസ്തുക്കളെ എല്ലാം ചേർത്തോ പ്രത്യേകമായോ കുറിക്കുന്ന നാമപദമാണ് ഇത്. നാമത്തിന് പകരം നില്ക്കുന്നു. ഇതിന് പുരുഷഭേദമുണ്ട്. ഉത്തമപുരുഷൻ, മദ്ധ്യമപുരുഷൻ,പ്രഥമപുരുഷൻ. ഞാൻ- ഞങ്ങൾ, നീ - നിങ്ങൾ,അവൻ, അവൾ, അത്, ഇത്, ഏത് തുടങ്ങിയവ.

**4. മേയനാമം**

ജാതിഭേദമോ വ്യക്തിഭേദമോ കല്പിക്കാൻ വയ്യാത്ത നാമങ്ങളാണ് മേയനാമം.

ഉദാ: വെള്ളം, മണ്ണ്, ആകാശം.

വാചകം

നാമം    കൃതി    ഭേദകം

ദ്രവ്യനാമം    ക്രിയാനാമം    ഗുണനാമം

സംജ്ഞാനാമം    സാമാന്യനാമം    സർവ്വനാമം    മേയനാമം

## 2.7.4 ദ്യോദകഭേദം

ദ്യോതകം എന്ന വിഭാഗത്തിൽ നിപാതം എന്നും അവ്യയം എന്നും രണ്ടു ഉപവിഭാഗങ്ങളുണ്ട്-

**നിപാതം:** സ്വഭാവത്താൽത്തന്നെ ദ്യോതകങ്ങളായ ശബ്ദങ്ങളാണ് നിപാതങ്ങൾ- 'ഉം' എന്ന സമുച്ചയവും, 'ഓ' എന്ന വികല്പവും ഉദാഹരണങ്ങളാണ്- 'രാമനും കൃഷ്ണനും വന്നു' ഇവിടെ 'ഉം' രാമനേയും കൃഷ്ണനേയും ചേർക്കുന്നു-

അവനോ അവളോ വന്നു ഇവിടെ സംശയം ജനിപ്പിക്കുന്നു.

**അവ്യയം:** ഒരുകാലത്ത് പദങ്ങളായിരുന്നവ കാലാന്തരത്തിൽ അക്ഷരം ലോപിച്ചും പ്രത്യയങ്ങൾ ചേർക്കാതെ ഉപയോഗിച്ചും അവ്യയമായി മാറി- 'പററി' അവനേപ്പററി പാടി-ഇവിടെ പററി ദ്യോതകശബ്ദമാണ്

ദ്യോതകത്തെ ഗതി, ഘടകം, വ്യാക്ഷേപകം എന്നിങ്ങനെ മൂന്നായും തിരിക്കാറുണ്ട്.

**1. ഗതി:** വിഭക്തിപ്രത്യയം പോലെ നിന്ന് അർത്ഥം വിശദമാക്കുകയാണ് ഗതികൾ ചെയ്യുന്നത്.

വടികൊണ്ട് അടിച്ചു. 'കൊണ്ട്' പ്രയോജികയുടെ അർത്ഥം കാണിക്കുന്നു.

മരത്തിൽനിന്ന് ഇറങ്ങി. 'നിന്ന്' എന്നത് ആധാരികാർത്ഥത്തെ വിശേഷിപ്പിക്കുന്നു.

**2. ഘടകം:** 'ഉം' എന്ന സമുച്ചയവും 'ഓ' എന്ന വികല്പവും ഘടകം എന്ന വിഭാഗത്തിൽപ്പെടും.

രാത്രിയും പകലും.
ഇന്നോ നാളെയോ.

**3. വ്യാക്ഷേപകം:** മറെറാരു പദത്തോടു ചേരാതെ സ്വതന്ത്രമായ വാക്യാർത്ഥത്തെ ദ്യോതിപ്പിക്കുന്നു.

ഹാ! എന്തു സുഖം!
അയ്യോ! അങ്ങനെ പറയരുതേ.

ഇവിടെ 'ഹാ!' 'അയ്യോ!' ഇവ മററു പദങ്ങളോട് ബന്ധപ്പെടാതെ സ്വതന്ത്രമായി വാക്യത്തിന്റെ അർത്ഥത്തെ പ്രകാശിപ്പിക്കുന്നു.

ദ്യോതകം
നിപാതം — അവ്യയം

ദ്യോതകം
ഗതി — ഘടകം — വ്യാക്ഷേപകം

**പുരോഗതി സ്വയം പരിശോധിക്കുക–2**

**ക)** താഴെ കൊടുക്കുന്ന പ്രസ്താവങ്ങളിൽ ശരിയേത് തെറേറത് എന്നു കണ്ടുപിടിക്കുക.

1. ദ്യോതകം, ഭേദകം ഇവയ്ക്കു തമ്മിൽ പറയത്തക്ക **വ്യത്യാസങ്ങൾ ഒന്നും** ഇല്ല.
2. ദ്രവ്യനാമത്തിന്റെ ഉദാഹരണമാണ് 'ചെറുപ്പം'.
3. ദ്യോതകം സ്വന്തമായി ഒരർത്ഥവും ജനിപ്പിക്കുന്നില്ല.
4. കാല പ്രത്യയം നാമപദങ്ങളോട് ചേർത്ത് പ്രയോഗിക്കാറുണ്ട്.
5. മണ്ണ്, ആകാശം എന്നിവ സർവനാമത്തിനുദാഹരണമാണ്.
6. ക്രിയാനാമം എന്നത് കൃതി ശബ്ദം തന്നെയാണ്.
7. ജൻമനാ ദ്യോതകമായ ശബ്ദമാണ് നിപാതം.

**ഖ)** തഴെ കൊടുക്കുന്ന വാക്യങ്ങളിൽ വിട്ടുപോയ ഭാഗം പൂരിപ്പിക്കുക.

1. സ്വയം ഒരർത്ഥം ജനിപ്പിക്കുന്ന പദമാണ് ................
2. ഗുണനാമം ............... ൽ നിന്നുണ്ടാകുന്ന നാമപദങ്ങളാണ്.
3. ദ്യോതകം ............... എന്ന വിഭാഗത്തിൽപ്പെടുന്നു.
4. ശൂദ്രൻ ദ്രവ്യനാമത്തിന്റെ വിഭാഗമായ .............. ൽ പെടുന്നു.
5. 'ഓട്ടം' എന്നത് .............. നു ഉദാഹരണമാണ്.

**ഗ)** ഉത്തരമെഴുതുക:

1. പദത്തെ എത്രയാക്കി വിഭജിച്ചിരിക്കുന്നു? ഓരോന്നിന്റേയും പേരെഴുതുക.
2. ദ്യോതകം എന്നാലെന്ത്? വിശദമാക്കുക.
3. ദ്രവ്യനാമത്തെ എത്രയായി വിഭജിച്ചിരിക്കുന്നു?
4. സർവ്വനാമം എന്നാലെന്ത്? ഉദാഹരണങ്ങൾ കൊടുക്കുക.
5. മേയനാമം എന്ന വിഭാഗത്തിൽപ്പെടുന്ന അഞ്ച് ഉദാഹരണങ്ങൾ കൊടുക്കുക.
6. ദ്യോതകത്തിലെ ഉപവിഭാഗങ്ങൾ **ഏവ?**
7. 'ഗതി' യുടെ പ്രയോഗം വാക്യാർത്ഥത്തെ വിശദമാക്കുവാൻ എങ്ങനെ സഹായകമാകുന്നു എന്നു വിശദീകരിക്കുക.

## 2.8 കൃതി

ജീവിതത്തിൽ നാം നേരിടുന്ന കാര്യങ്ങളും നമ്മുടെ പ്രശ്നങ്ങളും അന്യരെ ധരിപ്പിക്കാനാണല്ലോ നാം ഭാഷ ഉപയോഗിക്കുന്നത്. പ്രവൃത്തിക്കാണ് ജീവിതത്തിൽ പ്രാധാന്യം കൂടുതലായി ഉള്ളത്. അതുകൊണ്ട് ജീവിതത്തെ പ്രതിഫലിപ്പിക്കുന്ന ഭാഷയിലും ക്രിയകൾക്കു തന്നെയാവും പ്രാധാന്യം. ഏതു കാലത്ത് ഏതു രീതിയിൽ ക്രിയ നടന്നുവെന്ന് കാണിക്കേണ്ടി വരും. അതിനു വേണ്ടി നാം ക്രിയകളോട്

പ്രത്യയങ്ങൾ ചേർക്കുന്നു. ക്രിയാപദങ്ങളേയും അവയോട് ചേർക്കുന്ന പ്രത്യയങ്ങളേയും കുറിച്ച് **അറിയുമ്പോഴേ ഭാഷ** പഠിച്ചു എന്ന് പറയാനാവൂ. നമുക്ക് ക്രിയാധാതുക്കളേയും പ്രത്യയങ്ങളേയും കുറിച്ച് ആലോചിക്കാം.

ഒരു വസ്തു ഇന്ന വിധത്തിലിരിക്കുന്നുവെന്നോ ഇന്ന പ്രവൃത്തി ചെയ്യുന്നുവെന്നോ കാണിക്കാൻ ഉപയോഗിക്കുന്ന പദമാണ് ക്രിയ. ക്രിയയെ വിഭജിക്കുന്നതിനും മാനദണ്ഡം അർത്ഥം തന്നെയാണ്. എങ്കിലും ഒരു പദം ക്രിയയാണെന്നു നമ്മെ ബോധ്യപ്പെടുത്തുന്നത് അതു സ്വീകരിക്കുന്ന പ്രത്യയങ്ങളാണ്. കാലം, പ്രകാരം, പ്രയോഗം ഇവയെക്കുറിക്കാനുള്ള പ്രത്യയങ്ങളാണ് ക്രിയകളോടു ചേരുന്നത്. ഒരു ക്രിയയുടെ പ്രവൃത്തി നടന്നത് ഏതു കാലത്താണ് എന്നു സൂചിപ്പിക്കാൻ ക്രിയയിൽ ചേർക്കുന്ന പ്രത്യയമാണ് കാലപ്രത്യയം. ക്രിയയുടെ വ്യാപാരം നടക്കുന്ന രീതിയെ കാണിക്കുന്നു പ്രകാരപ്രത്യയങ്ങൾ. കർത്താവിന് പ്രാധാന്യം കൊടുത്തുകൊണ്ടും കർമ്മത്തിനു പ്രാധാന്യം കൊടുത്തുകൊണ്ടും വാക്യം പ്രയോഗിക്കാം. ഇതിനെ അടിസ്ഥാനമാക്കി കർത്തരി പ്രയോഗം എന്നും കർമ്മണി പ്രയോഗം എന്നും, പ്രയോഗം രണ്ടു രീതിയിലുണ്ട്. ഇതു കാണിക്കുന്നു പ്രയോഗപ്രത്യയങ്ങൾ. കാലം, പ്രകാരം, പ്രയോഗം എന്നീ പ്രത്യയങ്ങൾ ചേർന്നതോ ചേരാൻ യോഗ്യമായതോ ആയ പദങ്ങളാണ് ക്രിയകൾ.

## 2.8.1 കൃതികളുടെ ഭേദം

ക്രിയകളെ പല തരത്തിൽ വിഭജിക്കാറുണ്ട്

**സകർമ്മകം—അകർമ്മകം:**

ക്രിയകളെ അർത്ഥം നോക്കി സകർമ്മകം എന്നും അകർമ്മകം എന്നും രണ്ടായി വിഭജിക്കുന്നു. ഒരു വസ്തു ഇന്ന വിധത്തിലിരിക്കുന്നു എന്നു പറയുമ്പോൾ കർമ്മം ആവശ്യമില്ല. 'അവൾ ഉറങ്ങുന്നു' ഈ ഉദാഹരണത്തിൽ കർമ്മം ഇല്ല. എന്നാൽ ഒരാൾ ഇന്ന പ്രവൃത്തി ചെയ്യുന്നു എന്നു പറയുമ്പോൾ ചിലപ്പോൾ കർമ്മം ആവശ്യമാകുന്നു. 'രാമൻ അടിച്ചു' അടിക്കുക എന്ന ക്രിയയുടെ ഫലമനുഭവിക്കാൻ ഒരു നാമം ആവശ്യമാവുന്നു. 'രാമൻ കൃഷ്ണനെ അടിച്ചു' 'ഉറങ്ങുന്നു' എന്നത് കർമ്മം ഇല്ലാത്തതുകൊണ്ട് അകർമ്മക ക്രിയയാണ്. 'അടിച്ചു' എന്നതിന് ഒരു കർമ്മം ആവശ്യമായതുകൊണ്ട് സകർമ്മകമാണ്. ഒരു ക്രിയയുടെ പ്രവൃത്തിയും ഫലവും ഒരാളിൽ തന്നെ നിന്നാൽ ആ ക്രിയ അകർമ്മക ക്രിയയാണ്. പോകുന്നു. കളിക്കുന്നു തുടങ്ങിയവ അകർമ്മക്രിയയ്ക്ക് ഉദാഹരണമാണ്. ഒരു ക്രിയയുടെ പ്രവൃത്തി ഒരാളിലും ഫലം മററൊരാളിലും വന്നാൽ ക്രിയ സകർമ്മകം. പിടിക്കുക, കടിക്കുക തുടങ്ങിയ ക്രിയകൾ സകർമ്മകങ്ങൾ.

**കേവലം—പ്രയോജകം:**

പ്രകൃതിയുടെ പ്രത്യേകത അനുസരിച്ചുള്ള ഒരു വിഭജനമാണിത്. ക്രിയ ചെയ്യുന്നത് കർത്താവാണ്. ചില ക്രിയകൾ കർത്താവ് സ്വയം ചെയ്യുന്നു. മററു ചില ക്രിയകൾ ചെയ്യാൻ കർത്താവിന് മററൊരു നാമത്തിന്റെ പ്രേരണ ആവശ്യമാണ്. മററൊരു നാമത്തിന്റെ പ്രേരണ ഇല്ലാതെ നടക്കുന്ന ക്രിയകളെ കേവലക്രിയകൾ എന്നും പ്രേരണയോടുകൂടി നടക്കുന്ന ക്രിയകളെ പ്രയോജകക്രിയകൾ എന്നും പറയുന്നു.

ഓടുന്നു — ഉണ്ണുന്നു

ഈ ക്രിയകളുടെ പ്രവൃത്തി നടന്നു കിട്ടാൻ കർത്താവ് മാത്രം മതിയാകും. അതുകൊണ്ട് **കേവലക്രിയകൾ.**

ഓടിക്കുന്നു — ഊട്ടുന്നു

ഇവിടെ ഓടാനും ഉണ്ണാനും ഓരോ ആൾ വേണം. അതിനു പുറമേ അവരെ അതിനു പ്രേരിപ്പിക്കാനും ആളു വേണം. ഇങ്ങനെ പരപ്രേരണ ആവശ്യമുള്ള ക്രിയകൾ **പ്രയോജക ക്രിയകൾ.** പ്രയോജക ക്രിയയിലെ യഥാർത്ഥ കർത്താവിന് കർമ്മത്തിന്റെ രൂപമാണ് ഉള്ളത്.

രാമൻ ഓടി. — ഇവിടെ രാമൻ കർത്താവ്. 'ഓടി' കേവലക്രിയ. അച്ഛൻ രാമനെ ഓടിച്ചു. ഇവിടെ ഓടുന്നതു രാമൻതന്നെ. എന്നാൽ പ്രേരിപ്പിക്കാൻ അച്ഛൻ വരുന്നു. അങ്ങനെ പ്രയോജകം.

**കാരിതം — അകാരിതം:**

ക്രിയകളുടെ സ്വഭാവമാണ് ഈ വിഭജനത്തിന് അടിസ്ഥാനം. സാധാരണ കേവലത്തിന്റെ രൂപവും അർത്ഥവുമുള്ള ക്രിയകളെ അകാരിതം എന്നു വിളിക്കുന്നു. കേവലത്തിന്റെ അർത്ഥവും പ്രയോജകത്തിന്റെ രൂപവും ഉള്ള ക്രിയകളെ കാരിതം എന്നു വിളിക്കുന്നു. കാരിതങ്ങളെ **ബലക്രിയകൾ** എന്നും അകാരിതത്തെ **അബല**

**ക്രിയകൾ** എന്നും വിശേഷിപ്പിക്കാറുണ്ട്.

'കേൾക്കുന്നു,' 'പറക്കുന്നു' എന്നീ ക്രിയകൾ കേവലാർത്ഥത്തിൽ ആണ് പ്രയോഗിക്കുന്നത്. എന്നാൽ പ്രയോജകാർത്ഥത്തിലുള്ള ഓടിക്കുന്നു, പാടിക്കുന്നു എന്നിങ്ങനെയുള്ള പദത്തിന്റെ രൂപം അതിനുണ്ട്. അതുകൊണ്ട് കേൾക്കുന്നു തുടങ്ങിയവ **കാരിതങ്ങൾ.**

മറയുന്നു, പിരിയുന്നു എന്നീ ക്രിയകൾക്ക് കേവലത്തിന്റെ അർത്ഥവും രൂപവുമാണുള്ളത്. **അകാരിതം** എന്ന വിഭാഗത്തിലാണ് ഇത് പെടുന്നത്.

**പൂർണ്ണക്രിയ — അപൂർണ്ണക്രിയ**

വാക്യങ്ങളിൽ ചില പദങ്ങൾ പ്രധാനമായിരിക്കും. അന്വയിക്കുമ്പോൾ മറ്റൊന്നിനു കീഴടങ്ങാത്ത പദം പ്രധാനം. കീഴടങ്ങുന്നത് അപ്രധാനം. പ്രധാന ക്രിയയെ പൂർണ്ണക്രിയ എന്നും അപ്രധാനക്രിയയെ അപൂർണ്ണക്രിയ എന്നും വിളിക്കുന്നു. യഥാക്രമം മുറ്റുവിന എന്നും പറ്റുവിന എന്നും ഇവയെ വിളിക്കുന്നു.

'വന്നു' ' പോയി' ഇവിടെ പദം പ്രധാനമാണ്. അതുകൊണ്ട് **പൂർണ്ണക്രിയ**. 'വന്ന്' ' കേട്ട്' എന്നീ ക്രിയകൾക്കുശേഷം ഒരു പൂർണ്ണക്രിയ ഉണ്ടാകും. **അതിനാൽ ഈ** ക്രിയകൾ അപ്രധാനമാകും. ഇവയെ **അപ്രധാനക്രിയകൾ** എന്നു പറയുന്നു.

അവൻ വന്ന് പറഞ്ഞു.
അവൻ കേട്ട് പഠിച്ചു.

ഒരു ക്രിയ പൂർണ്ണക്രിയയാണോ അപൂർണ്ണക്രിയയാണോ എന്നു കണ്ടെത്താൻ ചില മാർഗ്ഗങ്ങളുണ്ട്. പൂർണ്ണക്രിയകളുടെ ഒടുവിലുള്ള സ്വരം പൂർണ്ണമായിരിക്കും. അതു നീട്ടി ഉച്ചരിക്കാൻ കഴിയുന്നതും ആയിരിക്കും.

വന്നു പോയി
വന്നൂ പോയീ നീട്ടി ഉച്ചരിക്കാനാവും. അതുകൊണ്ട് പൂർണ്ണക്രിയ.

ക്രിയകളുടെ ഒടുവിലത്തെ സ്വരം, അപൂർണ്ണമാവുക അല്ലെങ്കിൽ സംവൃതമാകുക, പിന്നാലെ വരുന്ന ഖരത്തിന് ഇരട്ടിക്കാൻ കാരണമാകുക എന്നു വന്നാൽ അപൂർണ്ണക്രിയ.

വന്ന് അപൂർണ്ണം

പോയിപ്പറഞ്ഞു. ഇവിടെ പറഞ്ഞു എന്നതിന്റെ ആദ്യത്തിലുള്ള 'പ' കാരം ഇരട്ടിക്കാൻ 'ഇ' കാരം കാരണമാകുന്നു. അതുകൊണ്ട് അപൂർണ്ണക്രിയ.

അപൂർണ്ണക്രിയയെ രണ്ടായി തിരിക്കുന്നു.

1. **പേരെച്ചം.**
2. **വിനയെച്ചം.**

ഒരു നാമത്തിനു കീഴടങ്ങുന്ന അപൂർണ്ണക്രിയയാണ് **പേരെച്ചം.**
പോയ കാലം കണ്ട നേരം

ഇവിടെ പോയ, കണ്ട എന്നീ അപൂർണ്ണക്രിയകൾ കാലം, നേരം എന്നീ നാമങ്ങൾക്കു കീഴടങ്ങുന്നു.

ഒരു ക്രിയക്കു കീഴടങ്ങുന്ന അപൂർണ്ണക്രിയയാണ് **വിനയെച്ചം.**
പറഞ്ഞ് കേട്ടു പോയി കണ്ടു

ഇവിടെ 'പറഞ്ഞു', 'പോയി' എന്നിവ കേട്ടു, കണ്ടു എന്നീ ക്രിയകൾക്കു കീഴടങ്ങി നില്ക്കുന്നു. പറഞ്ഞു, പോയി എന്നിവ വിനയെച്ചങ്ങൾ.

വിനയെച്ചത്തെ വീണ്ടും അഞ്ചായി വിഭജിക്കാറുണ്ട്.

1. **മുൻവിനയെച്ചം.**
2. **പിൻവിനയെച്ചം.**
3. **തൻവിനയെച്ചം.**
4. **നടുവിനയെച്ചം.**
5. **പാക്ഷികവിനയെച്ചം.**

പൂർണ്ണക്രിയയുടേയും അപൂർണ്ണക്രിയയുടേയും പ്രവൃത്തി നടക്കുന്ന കാലത്തിനുള്ള വ്യത്യാസം അടിസ്ഥാനമാക്കിയാണ് ഈ വിഭജനം നടത്തിയിരിക്കുന്നത്.

**മുൻവിനയെച്ചം**

**വിനയെച്ചത്തിന്റെ അല്ലെങ്കിൽ അപൂർണ്ണക്രിയയുടെ വ്യാപാരം പൂർണ്ണക്രിയയുടെ വ്യാപാരത്തിനുമുമ്പു നടന്നാൽ മുൻവിനയെച്ചം.**

കേട്ടു പഠിച്ചു. കണ്ടു പറഞ്ഞു.

ഈ ഉദാഹരണങ്ങളിൽ കേട്ടു എന്ന ക്രിയയുടെ വ്യാപാരം പഠിച്ചു എന്ന ക്രിയയ്ക്കു മുമ്പും കണ്ടു എന്ന ക്രിയയുടെ വ്യാപാരം പറഞ്ഞു എന്ന ക്രിയയ്ക്കു മുമ്പും നടക്കുന്നു. ഈ അപൂർണ്ണക്രിയകൾ മുൻവിനയെച്ചം എന്ന വിഭാഗത്തിൽ പെടുന്നു.

**പിൻവിനയെച്ചം**

വിനയെച്ചത്തിന്റെ വ്യാപാരം പൂർണ്ണക്രിയയുടെ വ്യാപാരത്തിനു ശേഷം വന്നാൽ ആ അപൂർണ്ണക്രിയ പിൻവിനയെച്ചം.

കുളിക്കാൻ പോയി.     പഠിക്കാൻ ഇരുന്നു.

ഇവിടെ കുളിക്കാൻ എന്ന അപൂർണ്ണ ക്രിയയുടെ പ്രവൃത്തി പോയി എന്ന പൂർണക്രിയ നടന്നതിനു ശേഷം മാത്രമേ നടക്കൂ.

പഠിക്കാൻ എന്ന ക്രിയയുടെ വ്യാപാരം ഇരുന്നു എന്ന ക്രിയയുടെ വ്യാപാരത്തിനുശേഷമേ നടക്കൂ. അതുകൊണ്ട് പിൻവിനയെച്ചം.

**നടുവിനയെച്ചം**

രണ്ടു ക്രിയകളുടെ വ്യാപാരം ഒരേ കാലത്തു നടന്നു എന്നു കാണിക്കുന്ന അപൂർണ്ണക്രിയ നടുവിനയെച്ചം.

പോക     കണ്ടു

ഇവിടെ പോവുക എന്ന ക്രിയയും കണ്ടു എന്ന ക്രിയയും ഒരേ കാലത്തു നടക്കുന്നു. **പോക എന്നത് നടുവിനയെച്ചമാണ്.**

തൻവിനയെച്ചത്തിനും നടുവിനയെച്ചത്തിനും തമ്മിൽ പ്രയോഗത്തിൽ വലിയ വ്യത്യാസമൊന്നുമില്ല. പോകെ കണ്ടു. മെല്ലെ പോയി എന്നിങ്ങനെ പ്രത്യയത്തിന്റെ കാര്യത്തിൽ നേരിയ വ്യത്യാസമേ ഉള്ളു.

**പാക്ഷികവിനയെച്ചം**

അപൂർണ്ണ ക്രിയയുടെ വ്യാപാരം നടത്താൻ പൂർണ്ണക്രിയ നടക്കും എന്ന മട്ടിൽ പ്രയോഗിക്കുന്ന അപൂർണ്ണക്രിയയാണ് പാക്ഷികവിനയെച്ചം.

കണ്ടാൽ പറയാം.     പഠിച്ചാൽ ജയിക്കാം.

ഇവിടെ പറയാം, ജയിക്കാം എന്നീ ക്രിയകളുടെ വ്യാപാരം നടക്കാൻ അപൂർണ്ണക്രിയകളുടെ വ്യാപാരം നടക്കണം. ഇതാണ് പാക്ഷികവിനയെച്ചം.

ഭാഷയിലെ ഏറ്റവും സമ്പന്നമായ ഒരു വിഭാഗമാണ് ക്രിയകൾ. ക്രിയകളെ ഭൂതകാലചിഹ്നം സ്വീകരിക്കുന്നതിന്റെ വ്യത്യാസം കണക്കിലെടുത്ത് വിഭജിക്കുകയാണ് കൂടുതൽ ശാസ്ത്രീയം.

**പുരോഗതി സ്വയം പരിശോധിക്കുക: 3**

ച) താഴെ കൊടുക്കുന്ന പ്രസ്താവങ്ങളിൽ തെറ്റേത് ശരിയേത് എന്ന് കണ്ടെത്തുക.

1. ക്രിയയോടു ചേരുന്ന പ്രത്യയങ്ങളാണ് പ്രകാരം, പ്രയോഗം എന്നിവ.
2. രൂപം അടിസ്ഥാനമാക്കിയാണ് ക്രിയകളെ സകർമ്മകം എന്നും അകർമ്മകം എന്നും തിരിക്കുന്നത്.
3. ഒരു ക്രിയയുടെ വ്യാപാരവും ഫലവും ഒരാളിൽത്തന്നെ നിന്നാൽ ക്രിയ അകർമ്മകം ആണ്.
4. കുളിക്കുന്നു, കളിക്കുന്നു തുടങ്ങിയ ക്രിയകൾ അകാരിതത്തിനുദാഹരണമാണ്.
5. പേരെച്ചം വിനയെച്ചം എന്നിങ്ങനെ പൂർണ്ണക്രിയയെ രണ്ടായി തിരിക്കാം.
6. പാടാൻ പറഞ്ഞു എന്നതിലെ പാടാൻ നടുവിനയെച്ചത്തിന് ഉദാഹരണമാണ്.
7. അന്ത്യസ്വരം ദീർഘിക്കാൻ സൗകര്യമുള്ള ക്രിയകൾ പൂർണ്ണക്രിയകളാണ്.

ഛ) വിട്ടുപോയ ഭാഗം പൂരിപ്പിക്കുക:

1. കർത്താവിനു പ്രാധാന്യം കൊടുക്കുന്ന രീതിയിലുള്ള പ്രയോഗത്തെ .............. പറയുന്നു.
2. ക്രിയകളെ ............... നോക്കി അകർമ്മകം എന്നും സകർമ്മകം എന്നും തിരിക്കുന്നു.

3. പരപ്രേരണ ആവശ്യമുള്ള ക്രിയകളാണ് ..............
4. അപൂർണ്ണക്രിയകളുടെ അന്ത്യസ്വരം പിന്നാലെ വരുന്ന .............. നെ ഇരട്ടിക്കാൻ പ്രേരിപ്പിക്കും.
5. ഒരു ക്രിയയ്ക്കു കീഴടങ്ങുന്ന അപൂർണ്ണക്രിയയാണ് ..............
6. പൂർണ്ണക്രിയയുടേയും അപൂർണ്ണക്രിയയുടേയും വ്യാപാരം ഒരേ കാലത്തു നടന്നു എന്നു കാണിക്കുന്ന വിനയെച്ചത്തെ .............. എന്നു പറയുന്നു.

## 2.9 നാമവിശേഷണങ്ങളും ക്രിയാവിശേഷണങ്ങളും

പ്രകൃതിയും പ്രത്യയവും ചേർന്ന് അർത്ഥം ദ്യോതിപ്പിക്കുകയാണ് ചെയ്യുന്നത്. ക്രിയയുടെ വ്യാപാരം നടത്തുന്ന ആളിനെ കർത്താവ് എന്നും അയാളുടെ പ്രവൃത്തിയെ ക്രിയ എന്നും പറയുന്നു. ഒരു വാക്യത്തിലെ ഒഴിച്ചുകൂടാനാവാത്ത ഘടകങ്ങാണ് ഇവ. നാമത്തെയും ക്രിയയെയും പ്രത്യേകിച്ചു എടുത്തു പറയേണ്ടതായി വരും. അപ്പോൾ സ്ാധാരണ പദങ്ങളിൽ നിന്നു ഭിന്നമാണ് ഇവ എന്നു കാണിക്കാൻ **ചില വിശേഷണങ്ങൾ ചേർക്കും. നാമത്തെയും ക്രിയയെയും വിശേഷിപ്പിക്കാൻ പദങ്ങൾ** ഉപയോഗിക്കാറുണ്ട്. അവയെ നാമവിശേഷണങ്ങൾ എന്നും ക്രിയാവിശേഷണങ്ങൾ എന്നും വിളിക്കുന്നു. ഈ രണ്ടു വിശേഷണങ്ങളെയും കുറിച്ചാണ് ഇവിടെ പറയുന്നത്.

ഒരു പദത്തിൻെറ അർത്ഥത്തെ വിശേഷിപ്പിക്കാൻ വേണ്ടി നില്ക്കുന്ന മററു പദങ്ങളെ **വിശേഷണം** എന്നു പറയുന്നു. നാമത്തെ വിശേഷിപ്പിക്കുന്നവയെ **നാമവിശേഷണങ്ങൾ എന്നും ക്രിയയെ** വിശേഷിപ്പിക്കുന്നവയെ **ക്രിയാവിശേഷണങ്ങൾ** എന്നും പറയുന്നു.

**നാമവിശേഷണങ്ങൾ**

നാമങ്ങളെ വിശേഷിപ്പിക്കുന്ന മററു പദങ്ങളാണ് നാമവിശേഷണങ്ങൾ. ഭേദകം എന്നതിൻെറ ഉപവിഭാഗമായ നാമാംഗജം എന്നത് പേരെച്ചത്തിൽ നിന്നുണ്ടായ നാമവിശേഷണങ്ങളാണ്.

ഉദാ: കെട്ടിയ പെണ്ണ്. ഇവിടെ കെട്ടിയ എന്നത് പെണ്ണിൻെറ വിശേഷണമാണ്.

ഇതിനുപുറമേ ശുദ്ധവിശേഷണങ്ങളായി കുറെയെണ്ണം മലയാളത്തിൽ ഉപയോഗിക്കുന്നുണ്ട്.

ചെറിയ കാർ
പെരിയ മല
പഴയ വീഞ്ഞ്
വലിയ കുട

തുടങ്ങിയവ ശുദ്ധ നാമവിശേഷണങ്ങൾക്ക് ഉദാഹരണമാണ്. 'ആ,' 'ഈ' തുടങ്ങിയ ചുട്ടെഴുത്തുകളും 'ഒരു' എന്ന സംഖ്യാവിശേഷണവും ഈ കൂട്ടത്തിൽ പെടും.

ആ കാര്യം
ഈ ദേശം
ഒരു മാസം

**ക്രിയാവിശേഷണങ്ങൾ:**

ക്രിയാപദങ്ങളെ വിശേഷിപ്പിക്കുന്ന വിശേഷണങ്ങളെ ക്രിയാവിശേഷണങ്ങൾ എന്നു പറയുന്നു. വിനയെച്ചങ്ങളെ ക്രിയാവിശേഷണങ്ങൾ എന്നു വിളിക്കാം. പൂർണ്ണ ക്രിയയുടെ വ്യാപാരത്തെ വിശേഷിപ്പിക്കുകയാണല്ലൊ വിനയെച്ചം ചെയ്യുന്നത്. ഇതിനെ ക്രിയാംഗജം എന്ന വിഭാഗത്തിൽ പെടുത്താറുണ്ട്.

മുഖം ചെററു വിയർത്തു.
വളരെ ഉറക്കെ പറയുന്നു.
ഇവിടെ ചെററു, ഉറക്കെ ഇവ ക്രിയാവിശേഷണങ്ങൾ.

ശുദ്ധം എന്ന വകുപ്പിൽ പെടുത്താവുന്ന ക്രിയാവിശേഷണങ്ങളും മലയാളത്തിൽ ഉണ്ട്. തൻവിനയെച്ചം എന്ന വിഭാഗത്തിൽപ്പെടുന്ന അപൂർണ്ണക്രിയകൾ ക്രിയാവിശേഷണങ്ങൾ തന്നെ.

ഉദാ: വെളുക്കെ ചിരിച്ചു.
മെല്ലെ പറഞ്ഞു.

പുരോഗതി സ്വയം പരിശോധിക്കുക:—4

ഘ) ഉത്തരമെഴുതുക.

1. നാമവിശേഷണങ്ങളും പേരെച്ചവും തമ്മിലുള്ള വ്യത്യാസം കാണിക്കുക.
2. ക്രിയാവിശേഷണത്തിന് ഉദാഹരണങ്ങൾ എഴുതുക.
3. ശുദ്ധനാമവിശേഷണങ്ങൾ ഏതൊക്കെ? ഉദാഹരിക്കുക.
4. തൻവിനയെച്ചവും ക്രിയാവിശേഷണവും തമ്മിൽ വ്യത്യാസമുണ്ടോ? പരിശോധിക്കുക.

## 2.10 പുരോഗതി സ്വയം പരിശോധിക്കുക. ഉത്തരം

അ) 1. ശരി
2. ശരി
3. തെററ്
4. തെററ്
5. തെററ്
6. ശരി
7. തെററ്

ആ) 1. വർണ്ണം
2. പ്രത്യയത്തിന്
3. പ്രത്യയവും
4. ഇടനില
5. വാക്യം

ഇ) 1. അർത്ഥയുക്തമായ വർണ്ണങ്ങളുടെ ഏററവും ചെറിയ കൂട്ടമാണ് പ്രകൃതി. ഭിന്നസ്വഭാവവും ഉച്ചാരണമൂല്യങ്ങളുമുള്ള വർണ്ണങ്ങൾ ഒരു പ്രത്യേക രീതിയിൽ ക്രമീകരിക്കപ്പെടുമ്പോഴാണ് പ്രകൃതി രൂപപ്പെടുന്നത്. അർത്ഥം ജനിപ്പിക്കുവാൻ കഴിയുന്നു എന്നതാണ് പ്രകൃതിയുടെ ഒന്നാമത്തെ ഗുണം. ഒരു വർണ്ണം നഷ്ടപ്പെടുകയോ രൂപാന്തരപ്പെടുകയോ ചെയ്താൽ അർത്ഥം നശിക്കുകയോ മാറിപ്പോകുകയോ ചെയ്യും. ആവശ്യത്തിൽ കവിഞ്ഞ ഒരു വർണ്ണം പോലും അതിൽ ഉണ്ടായിരിക്കില്ല.

2. പ്രകൃതിയാണ് പദമായി മാറുന്നത്. അതിന് സഹായിക്കുന്നത് പ്രത്യയങ്ങളാകുന്നു. പ്രകൃതികളെ തമ്മിൽ ബന്ധിപ്പിക്കുകയോ, അവയുടെ അർത്ഥത്തെ വിശേഷിപ്പിക്കുകയോ ചെയ്യുന്ന വർണ്ണമോ വർണ്ണങ്ങളോ ആണ് പ്രത്യയങ്ങൾ. അവയാണ് വിവക്ഷിതം പൂർണ്ണമായി ധരിപ്പിക്കുന്നതിന് ഉതകുന്നത്. പ്രകൃതി ഒററയ്ക്കോ പ്രത്യയം ചേർന്നോ വാക്യത്തിൽ പ്രയോഗിക്കാൻ തക്കതാവുമ്പോൾ പദം ആകുന്നു. പ്രകൃതി അർത്ഥയുക്തമായ, വർണ്ണങ്ങളുടെ ഏററവും ചെറിയ കൂട്ടമാകുന്നു പ്രകൃതി. പ്രകൃതി തനിയെയും പദമാകാം.

3. പ്രകൃതിയേയും പ്രത്യയത്തേയും യോജിപ്പിക്കുവാൻ വേണ്ടി ചേർക്കുന്ന ഒന്നോ അതിലധികമോ വർണ്ണങ്ങളെയാണ് ഇടനില എന്ന് പറയുന്നത്. പ്രകൃതിയോട് പ്രത്യയം ചേരുമ്പോൾ ഇണക്കമില്ലെങ്കിൽ ഇണക്കുക എന്നതാണ് ഇതുകൊണ്ട് സാധിക്കുന്നത്. അർത്ഥത്തിൽ ഒരു മാററവും ഇതുമൂലം ഉണ്ടാവുന്നില്ല.

4. മുലപ്പാൽ, വാരിക്കോരിക്കൊടുത്തു; ചന്ദ്രാദയ ഭീതിമൂലം.

**പുരോഗതി സ്വയം പരിശോധിക്കുക—2 ഉത്തരം.**

ക) 1. തെററ്
2. തെററ്
3. ശരി
4. തെററ്
5. തെററ്
6. തെററ്
7. ശരി

ഖ) 1. വാചകം
2. ഭേദകത്തിൽ
3. പ്രകൃതി

4. സാമാന്യനാമം
5. ക്രിയാനാമത്തിന്

ഗ) 1. പദത്തെ വാചകമെന്നും ദ്യോതകമെന്നും രണ്ടായി തിരിച്ചിരിക്കുന്നു. വാചകം നാമം, കൃതി, ഭേദകം എന്നിങ്ങനെ മൂന്നുവിധം വിഭജിക്കപ്പെട്ടിരിക്കുന്നു. ദ്യോതകത്തെ നിപാതമെന്നും, അവ്യയമെന്നും; ഗതി, ഘടകം, വ്യാക്ഷേപകം എന്നും വേർതിരിച്ചിരിക്കുന്നു. അവ്യയമെന്നും;

2. തനിയെ നില്ക്കുമ്പോഴ് വിശേഷാൽ ഒരർത്ഥത്തെ സൂചിപ്പിക്കാത്തതും എന്നാൽ വാചക ശബ്ദത്തോടുചേർന്നു നില്ക്കുമ്പോഴ് അർത്ഥത്തെ വിശേഷിപ്പിക്കുകയും ചെയ്യുന്ന പ്രകൃതിയാണ് ദ്യോതകം. ദ്യോതിപ്പിക്കുക എന്നാണ് പദത്തിനർത്ഥം. ഉദാ: 'എൻ' എന്ന പ്രകൃതി ഒരർത്ഥവിശേഷവും ധ്വനിപ്പിക്കുന്നില്ല. അതിൽ നിന്നുണ്ടായ 'എന്ന' എന്ന പദം 'രാധ എന്ന ഗോപിക' എന്നിടത്ത് അർത്ഥവിശേഷത്തിനു കാരണമാകുന്നു.

3. ദ്രവ്യനാമത്തെ സംജ്ഞാനാമം, സാമാന്യനാമം, സർവ്വനാമം, മേയനാമം എന്നിങ്ങനെ വിഭജിച്ചിരിക്കുന്നു.
4. നാമത്തിന് പകരം നിലക്കുന്ന നാമമാണ് സർവ്വനാമം. വസ്തുക്കളെ എല്ലാം ചേർത്തോ, ഒററയ്ക്കൊററക്കോ കുറിക്കുന്ന നാമപദമാണിത്. ഉത്തമപുരുഷൻ, മദ്ധ്യമപുരുഷൻ, പ്രഥമപുരുഷൻ എന്നീ ഭേദങ്ങഠ ഇതിനുണ്ട്. ഞാൻ, നീ, അവൻ, ഏത്

5. വെള്ളം, മണ്ണ്, ആകാശം, തമസ്സ്; പ്രകാശം.

6. നിപാതം, അവ്യയം, ഗതി, ഘടകം, വ്യാക്ഷേപകം.

7. വിഭക്തിപ്രത്യയം പോലെ നിന്ന് പ്രകൃതിയുടെ അർത്ഥത്തെ വിശദമാക്കുകയാണ് ഗതി ചെയ്യുന്നത്. 'രാമൻ കോപം കൊണ്ടു വിറച്ചു' കോപം കൊണ്ടു എന്ന പദത്തിലെ 'കൊണ്ട്' ഗതിയാകുന്നു. 'ആൽ' എന്ന പ്രയോജികയുടെ അർത്ഥമാണതിനുള്ളത്. ചില സന്ദർഭങ്ങളിൽ അർത്ഥത്തെ വിശേഷിപ്പിക്കാനും ഗതി പ്രയോജനപ്പെടുന്നു. ഉദാ: 'മാനത്തുനിന്നെങ്ങാനും പൊട്ടിവീണോ?' 'മാനത്തുനിന്ന്' എന്ന പദത്തിലെ 'നിന്ന്' ഗതിയാകുന്നു. 'ത്ത്' എന്ന 'ഇൽ' ന്റെ സ്ഥാനത്തുള്ള ആധാരികയുടെ അർത്ഥത്തെ വിശേഷിപ്പിക്കുകയാണ് അത് ചെയ്യുന്നത്.

**പുരോഗതി സ്വയം പരിശോധിക്കുക: 3 ഉത്തരം**

ച) 1. ശരി
2. തെററ്
3. ശരി
4. തെററ്
5. തെററ്
6. തെററ്
7. ശരി

ഛ) 1. കർത്തരി
2. അർത്ഥം
3. പ്രയോജക ക്രിയകഠ
4. ഖരത്തിനെ
5. വിനയെച്ചം
6. നടുവിനയെച്ചം

**പുരോഗതി പരിശോധിക്കുക 4 ഉത്തരം**

യ) 1.നാമത്തെ വിശേഷിപ്പിക്കുന്ന മററു പദങ്ങളാണ് നാമവിശേഷണങ്ങഠ. നാമത്തിന്റെ അർത്ഥത്തെ പരിമിതപ്പെടുത്തുക എന്ന ധർമ്മം കൂടി അത് നിർവ്വഹിക്കുന്നു. ഉദാഹരണത്തിന് കുട്ടി എന്ന നാമപദത്തെ 'വെളുത്ത' എന്ന ഭേദകം കൊണ്ട് വിശേഷിപ്പിക്കുമ്പോഴ് നിർദ്ദിഷ്ട 'കുട്ടി' സാമാന്യത്തിൽ നിന്നും വേർതിരിക്കപ്പെടുന്നു. ആ, ഈ എന്നീ ചുട്ടെഴുത്തുകളും വിശേഷണപദങ്ങളാണ്. ഭേദകം എന്നതിന്റെ ഉപവിഭാഗമായ നാമാംഗജം പേരെച്ചത്തിൽനിന്നുണ്ടാക്കുന്ന നാമവിശേഷണമാണ്. ഒരു നാമത്തിന് കീഴടങ്ങുന്ന അപൂർണ്ണക്രിയയാണ് പേരെച്ചം.

ചത്ത കുതിര — 'ചത്ത' പേരെച്ചം
ആ കാലം — 'ആ' നാമവിശേഷണവും ആകുന്നു.

2. ഉറക്കെ നിലവിളിച്ചു.
   പതുക്കെ പറഞ്ഞു.

3. ചെറിയ ചെറിയ കുട്ടി
   പെരിയ പെരിയ ആൾ
   പഴയ പഴയ പാട്ട്
   വലിയ വലിയ പറമ്പ്

4. തൻവിനയെച്ചം ശുദ്ധ ക്രിയാവിശേഷണത്തിൽപ്പെടുന്നു. '**പോകെ** കണ്ടു' '**കാണെ കാണെ** നിലവിളിച്ചു'. ഇവയിലെ അടി വരയിട്ട പദങ്ങൾ ക്രിയാവിശേഷണങ്ങൾ തന്നെയാണ്. ഇവയെ തൻവിനയെച്ചമെന്നും പറയാം. ക്രിയാവിശേഷണത്തിന് ക്രിയാപദത്തിനു പുറമെയുള്ള പദങ്ങളും ഉപയോഗിക്കാറുണ്ടെന്നുള്ളതാണ് വ്യത്യാസം. **മെല്ലെ** പറഞ്ഞു. **പതുക്കെ** നടന്നു.

## 2.11 പാഠസംഗ്രഹം

ശബ്ദസ്വരൂപമാണ് ഭാഷ. അർത്ഥസംവേദനമാണതിന്റെ ലക്ഷ്യം. അർത്ഥസംവേദനത്തിന് വർണ്ണങ്ങളെ പ്രത്യേക രീതിയിൽ ക്രമീകരിച്ച് പദങ്ങൾ ഉണ്ടാക്കേണ്ടതുണ്ട്. ഈ ക്രമീകരണം പ്രത്യയം വഴിയാണ് സാധിക്കുന്നത്. വാക്യത്തിലെ വാക്കുകളെ തമ്മിൽ ബന്ധിപ്പിക്കുകയാണ് പ്രത്യയം ചെയ്യുന്നത്. പ്രത്യയങ്ങൾക്ക് സ്വന്തമായ ഒരർത്ഥമില്ല. വാക്കുകളുടെ അർത്ഥത്തെ രൂപപ്പെടുത്തുകയാണ് അത് ചെയ്യുന്നത്. പല തരത്തിലുള്ള വാക്കുകൾ ഉണ്ട്. വസതുവിന്റെ പേര്, പ്രവൃത്തി, ഗുണം എന്നിവയെയാണ് വാക്കുകൾ കൊണ്ട് കുറിക്കുന്നത്. പദത്തെ പൊതുവെ വാചകമെന്നും ദ്യോതകമെന്നും വേർതിരിക്കുന്നു. വാചകത്തെ നാമം, കൃതി, ഭേദകം എന്നും, ദ്യോതകത്തെ നിപാതം, അവ്യയമെന്നതിന് പുറമേ ഗതി, ഘടകം, വ്യാക്ഷേപകം എന്നും വിഭജിച്ചിരിക്കുന്നു. നാമത്തെ മൂന്നായി തിരിക്കാറുണ്ട്. ദ്രവ്യനാമം, ക്രിയാ നാമം, ഗുണനാമം എന്നിങ്ങനെ. ദ്രവ്യനാമത്തെ സംജ്ഞാനാമം, സാമാന്യനാമം, സർവ്വനാമം, മേയനാമം എന്നിങ്ങനെ വീണ്ടും വിഭജിക്കുന്നു. കൃതികളെ സകർമ്മകം, അകർമ്മകം എന്നും, പൂർണ്ണക്രിയ അപൂർണ്ണക്രിയയെന്നും പൊതുവെ തരം തിരിക്കുന്നു. പൂർണ്ണക്രിയകൾ കാരിതവും അകാരിതവും എന്ന് വേർതിരിക്കപ്പെട്ടിരിക്കുന്നു; അപൂർണ്ണക്രിയ പേരെച്ചം, വിനയെച്ചം എന്നും. വിനയെച്ചത്തിന് അഞ്ച് വകഭേദമുണ്ട്. നാമത്തെ വിശേഷിപ്പിക്കുന്ന പദങ്ങളെ നാമവിശേഷണങ്ങൾ എന്നും, ക്രിയയെ വിശേഷിപ്പിക്കുന്നവയെ ക്രിയാവിശേഷണങ്ങൾ എന്നും പറയുന്നു.